പതിനാലാം കേരള നിയമസഭ
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1618** 14-07-2016 ൽ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇ-ടെണ്ടർ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.സണ്ണി ജോസഫ്** | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എ) ഉണ്ട്. വ്യവസായ വകുപ്പിൻെറ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 2012 ഓഗസ്റ്റ് 1 മുതൽ ഇ–പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 4/12/2013 ലെ സർക്കുലർ പ്രകാരം വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും 5 ലക്ഷം രൂപക്കുമുകളിലുള്ള ഇടപാടുകൾ ഇ-ടെണ്ടർ മുഖേനയായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻെറ ഭാഗമായുള്ള ധനപരമായ ഇടപാടുകൾ നടത്തുന്നതിലേക്കായി ഇ-പേയ്മെൻറ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

12..07..2016 തീയതിയിലെ കണക്കുകൾ പ്രകാരം വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ 2623 കോടിരൂപയുടെ ഇടപാടുകൾ ഇതിനോടകം ഈ സംവിധാനം മുഖേന നടത്തിയിട്ടുണ്ട്.

| Sl. No. | Particulars | Number | Value in Crores |
|---|---|---|---|
| 1 | Total No of Tenders Published Till date | 16884 | 8679.90 |
| 2 | No of Opened tenders | 10880 | 5264.37 |
| 3 | No of tenders finalized | 5285 | 2623.04 |

(ബി) പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിയ്ക്കുന്ന ലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ഇ-ഗവേണൻസ് സംവിധാനത്തിൻെറ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുകയെന്നതാണ് ഇ-ടെണ്ടറിംഗ് സംവിധാനം വഴി ഉദ്ദേശിക്കുന്നത്.

ഇത് നടപ്പിലാക്കുന്നത് വഴി സ്ഥാപനങ്ങൾ നടത്തുന്ന ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും, ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്തമുള്ള വരാക്കുന്നതിനും സാധിക്കുന്നു.

(സി) പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങളും പ്രയോജനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി) ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ ടെണ്ടറിനു അപേക്ഷിക്കുവാൻ 24 മണിക്കൂറും സാധിക്കുന്നതാണ്. ഏത് സമയത്തും എവിടെയിരുന്നു കൊണ്ടും ഈ സംവിധാനം മുഖേന ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ടെണ്ടറിൻെറ നടപടിക്രമങ്ങളിൽ കൃത്യതയും ഓട്ടോമേഷനും ഈ സംവിധാനത്തിലുണ്ട്. കൂടാതെ വിവരങ്ങൾ സുരക്ഷിതമായി കാലാകാലം സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ട്. ടെണ്ടർ നടപടിക്രമങ്ങളുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുന്നതിനുള്ള മികച്ച സംവിധാനമാണിതിലുള്ളത്. ടെണ്ടറുമായി ബന്ധപ്പെട്ടവർക്ക് നടപടിക്രമങ്ങളുടെ അതാത് സമയത്തെ വിവരങ്ങൾ ഇൻറർനെറ്റ് മുഖേന ഏത് സമയത്തും

അറിയുന്നതിനും, ഓട്ടോമാറ്റിക് ഇ-മെയിൽ സംവിധാനത്തിലൂടെ വിവരങ്ങൾ അറിയുന്നതിനുമുള്ള സംവിധാനം ഇതിലുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെൻറുകൾ ഇൻറർനെറ്റുമുഖേന തയ്യാറാക്കുന്നതിനുള്ള സൗകര്യങ്ങൾ ഇ-ടെണ്ടറിംഗ് സംവിധാനത്തിലുണ്ട്. ഈ സംവിധാനത്തിലൂടെ പേപ്പർ ജോലികൾ കുറച്ചുകൊണ്ട് സമയലാഭവും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ